**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298


2022 ആഗസ്റ്റ് 22

## വാർത്താക്കുറിപ്പ്

---

## ഭൗതിക മാറ്റങ്ങളിൽ മതത്തിനു വലിയ പങ്ക്

ആത്മീയകാര്യങ്ങൾക്കപ്പുറം ആധുനിക മാറ്റങ്ങളിലും വികസന കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്നതിലും മതാത്മക ഭാവനകൾക്കു വലിയ പങ്കുണ്ടെന്നു കേരള ചരിത്ര ഗവേഷണ കൗൺസിൽ സ്കോളർ ഇൻ റെസിഡൻസും ഹൈദ്രാബാദ് സർവലകശാലയിൽ ഹിസ്റ്ററി പ്രൊഫസറുമായ ഡോ. വി.ജെ. വർഗ്ഗീസ് അഭിപ്രായപ്പെട്ടു. കേരള ചരിത്ര ഗവേഷണ കൗൺസിലും മഹാത്മാഗാന്ധി സർവലകശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസേർച്ചും (ഐ.യു.സി.എസ്.എസ്.ആർ.ഇ.) സംയുക്തമായി 'ചർച്ചും മലബാറിലെ കുടിയേറ്റവും' എന്ന വിഷയത്തെ അധികരിച്ച് നടത്തിയ പ്രഭാഷണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭൗതിക മാറ്റങ്ങളെ സാധൂകരിക്കുന്നതിനായി മതാത്മക ഭാഷകളെ ആധുനികത കൂട്ടികൊണ്ടുവരുന്നത് വിരോധാഭാസമായി കാണുന്നതിന് പകരം ആധുനിക മാറ്റങ്ങൾ മതഭാവനകൾക്കു എങ്ങനെ ഇടം ഉണ്ടാക്കുന്നു എന്നാണ് അന്വേഷിക്കേണ്ടത്. മലബാർ കുടിയേറ്റം പ്രതിനിധാനം ചെയ്യുന്ന ഭൗതിക മാറ്റങ്ങൾക്കു സാധൂകരണം നൽകുന്നതിൽ മത ഭാവനകൾക്കും മാറ്റങ്ങളെ പവിത്രവൽക്കരിക്കുന്ന വ്യവഹാരങ്ങൾക്കും പങ്കുണ്ട്. യാഥാർഥ്യങ്ങളെ മറിച്ചു, ഏകാത്മകമായ സത്യങ്ങളെ സൃഷ്ടിക്കുന്നതിനാണു അത്തരം വ്യവഹാരങ്ങൾ ശ്രമിക്കുന്നതു. ഡോ. വർഗീസ് പറഞ്ഞു.

ചരിത്ര ഗവേഷണ കൗൺസിൽ ഡയറക്ടർ പ്രൊഫ. ജി. അരുണിമ (ജവാഹർലാൽ നെഹ്റു സർവകലാശാല) അധ്യക്ഷത വഹിച്ച പരിപാടിയുടെ ഉദ്ഘാടനം കൗൺസിൽ ചെയർമാൻ പ്രൊഫ. പി.കെ. മൈക്കിൾ തരകൻ നിർവഹിച്ചു. ഫാദർ കെ. എം. ജോർജ്, ഡോ. എ. എം. തോമസ്, ഡോ. വി. മാത്യു കുരിയൻ, ഡോ. സനൽ മോഹൻ ജസ്റ്റിൻ, സന്തോഷ്, തുടങ്ങിയർ സംസാരിച്ചു. ഐ.യു.സി.എസ്.എസ്.ആർ. ഡയറക്ടർ ഡോ. കെ. എം. സീതി സ്വാഗതവും എലിസബത്ത് എബ്രഹാം നന്ദിയും പറഞ്ഞു.

കേരള ചരിത്ര ഗവേഷണ കൗൺസിലും ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസും സംയുക്തമായി നടത്തുന്ന യുവഗവേഷകരുടെ 'മൈഗ്രേഷൻ ആന്റ് മൊബിലിറ്റി' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ശില്പശാല ആഗസ്റ്റ് 23 മുതൽ 27 വരെ കോട്ടയത്തു നടക്കും.

**ഫോട്ടോ ക്യാപ്ഷൻ:** കേരള ചരിത്ര ഗവേഷണ കൗൺസിലും മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസേർച്ചും (ഐ.യു.സി.എസ്.എസ്.ആർ.ഇ.) സംയുക്തമായി 'ചർച്ചും മലബാറിലെ കുടിയേറ്റവും' എന്ന വിഷയത്തിൽ ഡോ. വി.ജെ. വർഗ്ഗീസ് പ്രഭാഷണം നടത്തുന്നു.

(പി.ആർ.ഒ./39/1194 /2022)

## എം.ജി. സർവ്വകലാശാലയിൽ പ്രവൃത്തിപരിചയ ശില്പശാല

എം.ജി. സർവ്വകലാശാലയുടെയും പഞ്ചാബ് സർവ്വകലാശാലയുടെയും സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി സെന്ററുകളുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ശില്പശാല വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ വൈസ് ചാൻസലർ ഡോ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. നൂതനമായ ഉപകരണങ്ങളെക്കുറിച്ചുള്ള അറിവും പ്രവൃത്തി പരിചയവും രാജ്യത്തിന്റെ ഉൾനാടൻ മേഖലകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള ശില്പശാലകൾ സഹായകമാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് 'ആസാദി കാ അമൃത് മഹോത്സവ്' ന്റെ ഭാഗമായി ഡി.എസ്.റ്റി. - സെയ്ഫ് പഞ്ചാബ് സർവ്വകലാശാല ആഭിമുഖ്യത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിച്ച് വരുന്ന ശില്പശാലക്ക് മികച്ച പ്രതികരണങ്ങളാണ് ഓരോ തവണയും ലഭിക്കുന്നതെന്ന് മുഖ്യപ്രഭാഷണം നടത്തിക്കൊണ്ട് എസ്.റ്റി.യു.റ്റി.ഐ. പ്രോഗ്രാം കോ-ഓർഡിനേറ്ററായ പ്രൊഫ. ജി.ആർ. ചൗധരി പറഞ്ഞു. സർവ്വകലാശാലയിലെ ഡി.എസ്.റ്റി-എസ്.എ.ഐ.എഫ്. പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് ഡയറക്ടർ ഡോ. ബൈജു, ഡോ. ഇ.വി. രാമസ്വാമി, ഡോ. ബി. കേരളവർമ്മ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ:** പ്രവൃത്തിപരിചയ ശില്പശാല ഡോ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ./39/1195 /2022)

## എം.ജി.യിൽ തൊഴിൽ മേള

എം.ജി. സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ, മോഡൽ കരിയർ സെന്റർ, കോട്ടയം, എംപ്ലോയബിലിറ്റി സെന്റർ, കോട്ടയം എന്നിവയുടെ സഹകരണത്തോടെ 'ബ്രൈറ്റ് മൈൻഡ്സ് 2022' മെഗാ തൊഴിൽ മേള സർവ്വകലാശാല ക്യാമ്പസിൽ ആഗസ്റ്റ് 27 ന് നടക്കും. ബഹു. സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ മേള ഉദ്ഘാടനം ചെയ്യും. ബാങ്കിങ്, ഇൻഷുറൻസ്, മാനേജ്മെന്റ്, സയൻസ്, കൊമേഴ്സ്, കെ.പി.ഒ., ബി.പി.ഒ., എൻ.ജി.ഒ., എഫ്.എം.സി.ജി., എഡ്യൂക്കേഷൻ, ഐ.ടി., മറ്റ് എഞ്ചിനീയറിംഗ് ശാഖകൾ, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, മാർക്കറ്റിംഗ്, സെയിൽസ്, ഓട്ടോമൊബൈൽസ്, ഹോസ്പിറ്റൽസ്, ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ വിവിധ മേഖലകളിലെ കമ്പനികൾ പങ്കെടുക്കുന്നുണ്ട്. ഇനിയും രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ എംപ്ലോയബിലിറ്റി സെന്റർ കോട്ടയം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി കേരള, മോഡൽ കരിയർ

സെന്റർ കോട്ടയം എന്നീ ഫേസ്ബുക്ക് പേജുകളിലുള്ള ലിങ്ക് മുഖേന രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 0481-2731025, 0481-2563451 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/119 6/2022)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ എം.എസ്.സി പോളിമർ കെമിസ്ട്രി (2022-2024 ബാച്ച്) കോഴ്സിൽ എസ്.സി. / എസ്.റ്റി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. സി.എ.റ്റി പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി ആഗസ്്റ്റ് 24 ന് നടക്കുന്ന സ്പോട്ട് അഡ്മിഷന് വൈകിട്ട് നാല് മണിക്ക് മുൻപ് വകുപ്പ് ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481-2731036, 9633583004, ഇ-മെയിൽ: office.scs@mgu.ac.in.

(പി.ആർ.ഒ./39/1197 /2022)

## അപേക്ഷാ തീയതി

ഒന്ന് മുതൽ ആറ് വരെയുള്ള സെമസ്റ്ററുകൾ ബി.ടെക്ക്. (2015 മുതൽ 2017 വരെയുള്ള അഡ്മിഷനുകൾ - സപ്ലിമെന്ററി - സി.പി.എ.എസ്.) പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് 29 വരെയും പിഴയോടു കൂടി ആഗസ്റ്റ് 30 നും സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് 31 നും അപേക്ഷിക്കാം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്്സൈറ്റിൽ.

(പി.ആർ.ഒ./39/1198 /2022)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിന്റെ ഒമ്പതാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) (2017 അഡ്മിഷൻ - റെഗുലർ / 2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് 30 വരെയും പിഴയോടു കൂടി ആഗസ്റ്റ് 31 നും സൂപ്പർഫൈനോടു കൂടി സെപ്റ്റംബർ ഒന്നിനും അപേക്ഷിക്കാം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1199 /2022)

## പ്രാക്ടിക്കൽ പരീക്ഷ

2022 ജൂലൈയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (ഡാറ്റ് അനലിറ്റിക്സ്) (2021 അഡ്മിഷൻ - റഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / റീ-അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ആഗസ്റ്റ് 29, 30 തീയതികളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1200 /2022)

## പരീക്ഷാ ഫീസ്

സെപ്റ്റംബർ 14 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.വോക്. (2020 അഡ്മിഷൻ - റെഗുലർ / 2019, 2018 അഡ്മിഷൻ (പുതിയ സ്കീം) - റീ-അപ്പിയറൻസ്/ ഇംപ്രൂവ്മെന്റ്) പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് 29 വരെയും പിഴയോടു കൂടി ആഗസ്റ്റ് 30 നും സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് 31 നും അപേക്ഷിക്കാം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്്സൈറ്റിൽ.

(പി.ആർ.ഒ./39/1201 /2022)

സെപ്റ്റംബർ 19 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.ആർക്ക് (2019 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾക്ക് പിഴയില്ലാതെ ആഗസ്റ്റ് 29 വരെയും പിഴയോടു കൂടി ആഗസ്റ്റ് 30 നും സൂപ്പർഫൈനോടു കൂടി ആഗസ്റ്റ് 31 നും അപേക്ഷിക്കാം. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/120 2/2022)

## പരീക്ഷാ ഫലം

2022 മാർച്ചിൽ നടത്തിയ രണ്ടാം വർഷ ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (2008-2014 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ അഞ്ച് വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/120 3/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**